# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂലൈ 28, ബുധനാഴ്ച

**നമ്പർ 17**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ സാക്ഷിയെ കസ്റ്റംസ് വിളിപ്പിച്ചതിന് പിന്നാലെ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതും കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തുകളുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് വകമാറ്റുന്നതിന് അനുമതി നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) മാലിന്യം നീക്കംചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള വാഹനങ്ങൾ അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് അവയുടെ പെർമിറ്റും ലൈസൻസും റദ്ദ് ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അൻവർ സാദത്ത് ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി കെ.കെ. രമ | വടകര നാരായണനഗറിലെ കൊമേർഷ്യൽ കോംപ്ലക്സ് & വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് | ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും എക്സൈസും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. യു. ജനീഷ് കുമാർ | കോന്നിയിലെ വിവിധ വില്ലേജുകളിലെ റീ-സർവ്വേ നടപടികൾ | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്ത് റവന്യൂ ടവർ നിർമ്മാണം | ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പ്രമോദ് നാരായൺ | റാന്നി പൊന്തൻപുഴ-പെരുമ്പെട്ടി മേഖലകളിലെ കർഷകരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം | ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പെരുവണ്ണാമൂഴിയിലെ വന്യമൃഗശല്യം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കല്ലായി പുഴയിലെ ചെളി നീക്കംചെയ്യുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. വിൻസെന്റ് | വെള്ളായണി കായലിലെ പായൽ നീക്കംചെയ്യുന്നതിന് യന്ത്രം വാങ്ങാൻ നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. തോമസ് | കാർഷിക വിളകളുടെ വിലയിടിവ് | ബഹു. കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ് :</u>

2020 ഒക്ടോബർ 24 - ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന വിഷയത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2020 ഒക്ടോബർ 24-ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ഒരു ചട്ട ഭേദഗതിയിലൂടെ വരുത്തേണ്ട മാറ്റം, നടപടിക്രമങ്ങൾ പാലിക്കാതെയും 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായും പുറപ്പെടുവിച്ചു എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലേയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീസ് ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ആക്ടിലേയും 2003-ലെ Kerala Forest (Vesting and Management of Ecologically Fragile Lands) Act-ലേയും വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ഒരു സർക്കാർ ഉത്തരവ് മാത്രമാണ് പുറപ്പെടുവിച്ചതെന്നും ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ചട്ടഭേദഗതിയുടെ സ്വഭാവം ഇവിടെ ഉന്നയിക്കപ്പെട്ട സർക്കാർ ഉത്തരവിനുള്ളതായി കാണുന്നില്ല. അതുകൊണ്ടുതന്നെ 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്."

ധനകാര്യം :

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V- ാം നമ്പർ ധനാഭ്യർത്ഥന, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും, ഭൂനികുതി എന്ന VI- ാം നമ്പർ ധനാഭ്യർത്ഥന, ജില്ലാഭരണവും പലവകയും എന്ന XI- ാം നമ്പർ ധനാഭ്യർത്ഥന, ഭവനനിർമ്മാണം എന്ന XXI- ാം നമ്പർ ധനാഭ്യർത്ഥന, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

V - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 14, 18, 19, 21, 22, 23, 24, 25, 26, 27, 28, 30, 31, 32, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും VI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച

ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 6, 7, 8, 9, 11, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 30, 31, 34, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 9, 10, 12, 13, 14, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 35, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 6, 7, 8, 9, 11, 12, 14, 15, 16, 17, 19, 20, 21, 22, 23, 24, 25, 27, 28, 29 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 6, 7, 8, 9, 10, 11, 13, 14, 15, 16, 17, 19, 20, 21, 22, 23, 25, 27, 28, 29, 30, 31, 32, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 7, 8, 9, 10, 11, 13, 15, 16, 17, 20, 21, 22, 23, 24, 25, 27, 28, 29, 30, 31, 32, 33, 34, 35, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഡി. കെ. മുരളി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ).

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ V, VI, XI, XXI, XXVI, XXVIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ജൂലൈ 29- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.56 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, July 28, 2021*

**No. 17**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and four other Members to the serious situation reported to have arisen consequent to the mysterious death of witness and the attempt to subvert the Ramanattukara gold heist case after being summoned by the customs.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout).

*Calling Attention :*

1. Shri Sebastian Kulathunkal called the attention of the Minister for Local Self Governments, Rural Development and Excise to the necessity to appropriate not more than five percentage of the plan fund or own fund of Grama Panchayats to its distress relief fund. The Minister made a statement thereto.

1136/2021(ii).

2. Shri Anwar Sadath called the attention of the Minister for Transport to the necessity to take steps to take strict measures including annulling of license and permits of contract vehicles used for waste disposal to prevent these vehicles from dumping waste in open spaces. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി കെ.കെ. രമ | വടകര നാരായണനഗറിലെ കൊമേർഷ്യൽ കോംപ്ലക്സ് & വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് | ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും എക്സൈസും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. യു. ജനീഷ് കുമാർ | കോന്നിയിലെ വിവിധ വില്ലേജുകളിലെ റീ-സർവ്വേ നടപടികൾ | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്ത് റവന്യൂ ടവർ നിർമ്മാണം | ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പ്രമോദ് നാരായൺ | റാന്നി പൊന്തൻപുഴ-പെരുമ്പെട്ടി മേഖലകളിലെ കർഷകരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം | ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പെരുവണ്ണാമൂഴിയിലെ വന്യമൃഗശല്യം | ബഹു. വനം - വന്യ ജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കല്ലായി പുഴയിലെ ചെളി നീക്കംചെയ്യുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. വിൻസെന്റ് | വെള്ളായണി കായലിലെ പായൽ നീക്കംചെയ്യുന്നതിന് യന്ത്രം വാങ്ങാൻ നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. തോമസ് | കാർഷിക വിളകളുടെ വിലയിടിവ് | ബഹു. കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

The Speaker gave the following ruling on a point of order raised by Shri V. D. Satheesan, Leader of Opposition regarding the issuance of Government Order on 24th October, 2020, which was against the provisions in the Kerala Land Assignment Rules, 1964.

"2020 ഒക്ടോബർ 24-ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ഒരു ചട്ട ഭേദഗതിയിലൂടെ വരുത്തേണ്ട മാറ്റം, നടപടിക്രമങ്ങൾ പാലിക്കാതെയും 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായും പുറപ്പെടുവിച്ചു എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലേയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീസ് ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ആക്റ്റിലേയും 2003-ലെ Kerala Forest (Vesting and Management of Ecologically Fragile Lands) Act-ലേയും വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ഒരു സർക്കാർ ഉത്തരവ് മാത്രമാണ് പുറപ്പെടുവിച്ചതെന്നും ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ചട്ടഭേദഗതിയുടെ സ്വഭാവം ഇവിടെ ഉന്നയിക്കപ്പെട്ട സർക്കാർ ഉത്തരവിനുള്ളതായി കാണുന്നില്ല. അതുകൊണ്ടുതന്നെ 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്."

*Financial Business :*

*Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*

Shri K. N. Balagopal, Minister for Finance moved Demand No. V-Goods and Services Tax, Agricultural Income Tax and Sales Tax and Demand No. XXVIII-Miscellaneous Economic Services and Shri K. Rajan, Minister for Revenue and Housing moved Demand No. VI - Land Revenue, Demand No. XI -District Administration and Miscellaneous, Demand No. XXI - Housing and Demand No. XXVI-Relief on Account of Natural Calamities for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. V, VI, XI, XXI, XXVI and XXVIII.

The cut motion Nos. 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 14, 18, 19, 21, 22, 23, 24, 25, 26, 27, 28, 30, 31, 32, 34, 35, 36 in the list of cut motions for Demand No. V, the cut motion Nos. 1, 3, 5, 6, 7, 8, 9, 11, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 30, 31, 34, 35 in the list of cut motions for Demand No. VI, the cut motion Nos. 2, 3, 4, 5, 6, 7, 8, 9, 10, 12, 13, 14, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 35, 36, 37 in the list of cut motions

for Demand No. XI, the cut motion Nos. 1, 2, 3, 4, 6, 7, 8, 9, 11, 12, 14, 15, 16, 17, 19, 20, 21, 22, 23, 24, 25, 27, 28, 29 in the list of cut motions for Demand No. XXI, cut motion Nos. 1, 2, 4, 5, 6, 7, 8, 9, 10, 11, 13, 14, 15, 16, 17, 19, 20, 21, 22, 23, 25, 27, 28, 29, 30, 31, 32, 35 in the list of cut motions for Demand No. XXVI and cut motion Nos. 1, 3, 4, 5, 6, 7, 8, 9, 10, 11, 13, 15, 16, 17, 20, 21, 22, 23, 24, 25, 27, 28, 29, 30, 31, 32, 33, 34, 35, 37, 38 in the list of cut motions for Demand No. XXVIII were moved.

The following members took part in the discussion:

Shri K. D. Prasenan

Shri Anwar Sadath

Shri E. K. Vijayan

Shri Kurukkoli Moideen

Shri K. V. Sumesh

Shri Mons Joseph

Shri Pramod Narayan

Shri D. K. Murali

Shri Ramachandran Kadannappalli

Shri A. P. Anil Kumar

Shri P. V. Sreenijin

Shri Thottathil Ravindran

Shri A.K.M. Ashraf

Shri G. S. Jayalal

Shri M. Rajagopalan

Shri K. Babu (Thripoonithura) .

Shri K. N. Balagopal, Minister for Finance, Shri. K. Rajan, Minister for Revenue and Housing and Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms replied to the points raised during the discussion. The cut motions were declared lost. Then the Demand No. V, VI, XI, XXI, XXVI and XXVIII were put to vote and passed.

The House adjourned at 4.56 p.m. to meet again at 9.00 a.m on Thursday July 29, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*